ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബഹു. ഹൈക്കോടതിയുടെ ഒ.പി. 9274/92, 2293/93 നമ്പർ ഉത്തരവ് നടപ്പിലാക്കാതിരുന്നതിനെതിരെ ശ്രീ. എം. എം. ജോസഫ് മുതൽപേർ 281/2008 സിസി(സി) നമ്പരായി ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം നടപ്പിലാക്കാൻ നെല്ലിപ്പൊയിൽ വില്ലേജിലെ സർവ്വേ നമ്പർ 163 ഉൾപ്പെടെ 54.7 ഹെക്ടർ ഭൂമി സർവ്വെ ചെയ്ത് അർഹത പ്പെട്ടവർക്ക് നൽകുന്നതിന് സർവ്വേ നടപടികൾ ആരംഭിച്ചിരുന്നു. സർവ്വേ നടത്തുന്നതോടൊപ്പം പ്രസ്തുത ഭൂമിയോട് ചേർന്നു കിടക്കുന്ന ഭൂമിയുടെ കൈവശക്കാരുടെ രേഖകളും പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ 24-1-2011-ന് കോടഞ്ചേരി സെന്റ് സെബാസ്റ്റ്യൻ പള്ളി വികാരി ഫാദർ ഡൊമിനിക്കിന്റെ നേതൃത്വത്തിലുള്ള സ്ത്രീകൾ ഉൾപ്പെടെയുള്ള 40-ഓളം പേർ സർവ്വെ തടസ്സപ്പെടുത്തുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുകയല്ലാതെ കൈവശക്കാരെ കുടിയൊഴിപ്പിക്കുന്നതിനുള്ള ഒരു നടപടിയും ഉണ്ടായിട്ടില്ല.

വയനാട് ജില്ലയിൽ വികസന-നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

776(882) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പു വഴി വയനാട് ജില്ലയിൽ ഈ സർക്കാർ നടത്തിയ വികസന-നവീകരണപ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക മണ്ഡലം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) സർവ്വെ വകുപ്പുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ നിലനിൽക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പുറമ്പോക്ക് തോടുവരമ്പ് സ്വകാര്യവ്യക്തി കയ്യേറിയത് ഒഴിപ്പിക്കുന്നതിന് നടപടി

177(883) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡിൽ പങ്ങാരശ്ശേരി ഏലായോടുചേർന്നുള്ള കുഞ്ഞുകുഞ്ഞുതോടിന്റെ 5 മീറ്ററിൽക്കൂടുതൽ വീതിയുള്ള പുറമ്പോക്ക് തോടുവരമ്പ് സ്വകാര്യവ്യക്തി കയ്യേറിയത് ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly